# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി-682020

Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com

"*ഭരണഭാഷ - മാതൃഭാഷ*"

നമ്പർ. 9044/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 08.12.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. സുമേഷ് ടി.ബി.
തുണ്ടിപ്പറമ്പിൽ വീട്,
കണ്ണമ്പള്ളി റോഡ്,
പച്ചാളം.

സർ,

വിഷയം:- ജി.സി.ഡി.എ. - ഭരണ വിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 13.11.2017 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

ചോദ്യം (1) :- ലീസ് ഡീഡ് നമ്പർ 1173/2016 തീയതി 11.03.2016 എഗ്രിമെന്റ് പ്രകാരമുള്ള സ്ഥലത്ത് താൽക്കാലിക കടമുറികൾ പണിയുന്നത് NOC ആവശ്യപ്പെട്ട് 27.03.2017-ൽ നൽകിയ കത്തിൽ ഇന്നുവരെ സ്വീകരിച്ച നടപടി എന്ത്?

ചോദ്യം (2) :- ജിസിഡിഎ 7035/സി-6/റവന്യൂ/2015/ജിസിഡിഎ കത്തിനുള്ള മറുപടിക്ക് സ്വീകരിച്ച നടപടി എന്ത്?

ഉത്തരം :- എൻ.ഒ.സി. ആവശ്യപ്പെട്ട് 27/03/7 ൽ കക്ഷി അപേക്ഷ സമർപ്പിക്കുകയും കുടിശ്ശിക അടക്കാൻ അറിയിക്കുകയും 04/07/2017 ൽ കക്ഷി 1,67,012/- രൂപ അടക്കുകയും സ്മെക്ക് ഓട്ടോമേഷനുമായി കക്ഷിക്ക് ബന്ധമുണ്ടോ എന്ന് റവന്യൂ ഇൻസ്പെക്ടർ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ സൂപ്രണ്ട് നിർദ്ദേശിക്കുകയും സ്മെക്ക് ഓട്ടോമേഷനുമായി ബന്ധമില്ലാ എന്നും കക്ഷിക്ക് സ്വന്തം ആവശ്യത്തിന് വേണ്ടിയാണ് ടി സ്ഥലം എന്നും റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തശേഷം കക്ഷി ജിസിഡിഎയുമായി വച്ച കരാറിൽ എന്ത് ബിസിനസ്സ് ആണ് നടത്താൻ പോകുന്നത് എന്ന് പരാമർശിച്ചിട്ടില്ലാത്തതിനാൽ ആയത് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കക്ഷിക്ക് നോട്ടീസ് നൽകുകയും ആയതിന് Renewable energy environment friendly natural product എന്നിവയുടെ storage & sale നടത്തുന്നതിന് താൽക്കാലിക കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയാണെന്ന് കക്ഷി മറുപടി നൽകിയിട്ടുള്ളതുമാണ്. പിന്നീട് കരാറിന്റെ ഒറിജിനൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതുപ്രകാരം കക്ഷി ഒറിജിനൽ കരാർ ഹാജരാക്കുകയും കക്ഷി

ചെയർമാനും, സെക്രട്ടറിക്കും അപേക്ഷ സമർപ്പിക്കുകയും താൽക്കാലിക കെട്ടിടം ഈ പദ്ധതി പ്രദേശത്ത് അനുവദനീയമാണോ എന്ന് പ്ലാനിംഗ് വിഭാഗം റിപ്പോർട്ട് നൽകുക എന്ന സെക്രട്ടറിയുടെ ഉത്തരവിൻപ്രകാരം ഫയൽ പ്ലാനിംഗ് വിഭാഗത്തിലേക്ക് നൽകിയിട്ടുള്ളതുമാണ്.

ചോദ്യം (3) :- ലീസ് ഡീഡ് നമ്പർ 1173/2016 തീയതി 11.03.2016 എഗ്രിമെന്റ് പ്രകാരമുള്ള ജിസിഡിഎ ഫയലിന്റെ കോപ്പി ആവശ്യപ്പെടുന്നു?

ഫയലിന്റെ പകർപ്പ് ലഭ്യമാണ്. നോട്ട് ഫയൽ പേജ് - 11, കറന്റ് ഫയൽ പേജ് - 126.

പേജൊന്നിന് 2/- രൂപ വീതം അടയ്ക്കേണ്ടതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ് അതോറിറ്റി/ സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി- 682020.

വിശ്വസ്തതയോടെ,

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

RPR